**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 2028 | 17.12.2012-ൽ മറുപടിയ്ക്ക്

**കെ. സുധാകരൻ എം.പിയുടെ പ്രസംഗം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സുപ്രീം കോടതി ജഡ്ജി കോഴവാങ്ങുന്നത് കണ്ടുവെന്ന പാർലമെന്റംഗം ശ്രീ.കെ.സുധാകരന്റെ പ്രസംഗത്തെത്തുടർന്നുണ്ടായ കേസിൽ തിരുവനന്തപുരം ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതി നാല് തവണ നിർദ്ദേശിച്ചിട്ടും പോലീസ് റിപ്പോർട്ട് സമർപ്പിക്കാതിരുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 13/07/2012, 19/07/2012, 30/07/2012, 14/08/2012 എന്നീ തീയതികളിൽ അന്വേഷണ ഉദ്യോഗസ്ഥൻ തിരുവനന്തപുരം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. |
| (ബി) പ്രസ്തുത കേസ് കോടതി പരിഗണിച്ചപ്പോൾ അന്വേഷണ ഉദ്യോഗസ്ഥരും സർക്കാർ അഭിഭാഷകനും വിട്ടുനിന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) കേസ് പരിഗണിച്ച 13/07/2012, 19/07/2012, 30/07/2012, 14/08/2012, 04/09/2012 എന്നീ തീയതികളിൽ സർക്കാർ അഭിഭാഷകനും അന്വേഷണ ഉദ്യോഗസ്ഥനും കോടതിയിൽ ഹാജരുണ്ടായിരുന്നു. 21/08/2012 - ാം തീയതി സർക്കാർ അഭിഭാഷകൻ അവധിയിലായിരുന്നു. അല്ലാതെ കേസ് കോടതി പരിഗണിച്ചപ്പോൾ ആരും വിട്ടുനിന്നിട്ടില്ല. |
| (സി) പ്രതിയുടെ അഭിഭാഷകൻ വരുന്നതിന് പോലീസും പ്രോസിക്യൂഷനും സാവകാശം ചോദിച്ച നടപടി ഈ കേസിന്റെ പരിഗണനാവേളയിലുണ്ടായിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ നടപടി സ്വീകരിച്ചതെന്നറിയിക്കുമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ